"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് നമ്പർ 14 റീസർവ്വേ നമ്പർ 257/141 ൽ പെട്ട വിഴിഞ്ഞം ഹാർബർ എന്ന റവന്യൂ റിക്കാർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള 1.46 ആർ ഭൂമി സർക്കാർ തരിശ് എന്ന് ഇനം മാറ്റം നടത്തി ശ്രീമതി മര്യപുഷ്പം & ശ്രീ ക്ലീറ്റസ് എന്നിവർ പേരിൽ പതിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ പതിവധികാരിക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (യു) വകുപ്പ്**

സ.ഉ.(കൈ) നം.5/2026/RD തീയതി,തിരുവനന്തപുരം, 03-01-2026

---

പരാമർശം:-
1. ശ്രീമതി മര്യപുഷ്പം & ശ്രീ ക്ലീറ്റസ് എന്നിവരുടെ അപേക്ഷ.
2. ജില്ലാ കളക്ടറുടെ 14.03.2025 ലെ ബി.3/182898/2019 നമ്പർ കത്ത്.
3. 21.10.2025 ലെ ലാൻറ് റവന്യൂ കമ്മീഷണറുടെ എൽ.ആർ/ 11143/2025-എൽ. ആർ. (ജെ.6) നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് നമ്പർ 14 റീസർവ്വേ നമ്പർ 257/141 ൽ പെട്ട 1.46 ആർ. ഭൂമി പതിച്ച് നൽകുന്നതിലേക്കായി ശ്രീമതി മര്യപുഷ്പം & ശ്രീ ക്ലീറ്റസ്, ജയാ ഹൗസ്, തുലവിള, കോട്ടപ്പുറം, വിഴിഞ്ഞം, എന്നിവർ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നെന്നും BTR പ്രകാരം സർക്കാർ വിഴിഞ്ഞം ഹാർബർ ഇനത്തിൽപ്പെട്ട പ്രസ്തുത ഭൂമി അപേക്ഷകർ 16 വർഷമായി കൈവശം വച്ച് വീട് വച്ച് താമസിച്ച് വരുന്നുവെന്നും അപേക്ഷകന്റെ തൊഴിൽ മത്സ്യബന്ധനവും വാർഷിക വരുമാനം 48,000/- രൂപയാണെന്നും പ്രസ്തുത ഭൂമി സമുദ്രാതിർത്തിയിൽ നിന്ന് ഏകദേശം 300m ദൂരത്താണെന്നും ടി ഭൂമിയല്ലാതെ അപേക്ഷകർക്ക് വേറെ ഭൂമി ഇല്ല എന്നും വിഴിഞ്ഞം ഹാർബർ ഇനത്തിൽപ്പെട്ട ഭൂമിയായതിനാൽ പതിവ് നടപടികൾ സ്വീകരിക്കുന്നതിൽ ആക്ഷേപം ഉണ്ടെങ്കിൽ അറിയിക്കാൻ ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ്, ടൂറിസം എന്നീ വകുപ്പുകൾക്ക് കത്ത് നൽകിയിരുന്നതും എന്നാൽ ടി ഭൂമിയിൽ പതിവ് നടപടികൾ തുടരുന്നതിൽ ആക്ഷേപമില്ലെന്ന് ഹാർബർ എഞ്ചിനീയറിങ് എക്സിക്യൂട്ടീവ് എഞ്ചിനീയറും, ഫിഷറീസ് ഡയറക്ടറും, ടൂറിസം വകുപ്പ് ഡയറക്ടറും അറിയിച്ചിട്ടുള്ളതായും അപേക്ഷ സ്ഥലം പതിച്ച് നൽകുന്നതിൽ ഏതെങ്കിലും വിധത്തിലുള്ള ആക്ഷേപങ്ങളുണ്ടെങ്കിൽ അറിയിക്കുവാനായി 7(1) നോട്ടീസ് പരസ്യപ്പെടുത്തിയിട്ടുള്ളതും ആയതിൽ ആക്ഷേപങ്ങൾ ഒന്നും നാളിത് വരെ ലഭിച്ചിട്ടില്ലാത്തതുമാണെന്നും ആയതിനാൽ വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് നമ്പർ 14 റീസർവ്വേ നമ്പർ 257/141 ൽപെട്ട 1.46 ആർ ഭൂമി ഇനം മാറ്റം നടത്തി അപേക്ഷകർ പേരിൽ പതിച്ച് നൽകുന്നതിനുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്നുമാണ് ജില്ലാ കളക്ടറും ലാൻറ്

റവന്യൂ കമ്മീഷണറും പരാമർശം (2)&(3) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടറുടെയും ലാൻറ് റവന്യൂ കമ്മീഷണറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അപേക്ഷകർ 16 വർഷമായി കൈവശം വച്ച് വീട് വച്ച് താമസിച്ചു വരുന്ന, തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിലെ വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് നമ്പർ 14 റീസർവ്വേ നമ്പർ 257/141 ൽപെട്ട BTR പ്രകാരം സർക്കാർ വിഴിഞ്ഞം ഹാർബർ ഇനത്തിൽപ്പെട്ട 1.46 ആർ ഭൂമി സർക്കാർ തരിശ് എന്ന് ഇനം മാറ്റം നടത്തി ശ്രീമതി മര്യപുഷ്പം & ശ്രീ ക്ലീറ്റസ്, ജയാ ഹൗസ്, തുലവിള, കോട്ടപ്പുറം, വിഴിഞ്ഞം, എന്നിവർ പേരിൽ പതിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിക്കാൻ പതിവധികാരിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഇത് സംബന്ധിച്ച നിയമാനുസൃത തുടർനടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപകുമാർ.ആർ.എൽ
അഡിഷണൽ സെക്രട്ടറി

ലാൻറ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കലക്ടർ, തിരുവനന്തപുരം.
ശ്രീമതി മര്യപുഷ്പം &ശ്രീ ക്ലീറ്റസ്, ജയാ ഹൗസ്, തുലവിള, കോട്ടപ്പുറം,വിഴിഞ്ഞം. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം.
വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം,

Signed by
Sindhu L V
Date: 05-01-2026 11:02:02
സെക്ഷൻ ഓഫീസർ.

പകർപ്പ് : ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി. എസ്. ന്
സെക്രട്ടറിയുടെ പി. എ.ക്ക്,
അഡീഷണൽ സെക്രട്ടറിയുടെ സി. എ.ക്ക്